STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.335/PR/SPMC/PHQ/2026 Date:04.08.2026

## പത്രക്കുറിപ്പ്

### ഭരണഘടനയോട് അചഞ്ചലമായ വിശ്വസ്ത പുലർത്തണം: ഡിജിപി റവാഡ ആസാദ് ചന്ദ്ര ശേഖർ

ശാരീരിക ക്ഷമതയും യുദ്ധവൈദഗ്ധ്യവും മാത്രമല്ല ഭരണഘടനയോടുള്ള അചഞ്ചലമായ വിശ്വസ്തതയും ധാർമിക ധൈര്യവും പ്രതിസന്ധി ഘട്ടങ്ങളിലെ ആത്മസംയമനവുമാണ് യഥാർത്ഥ കമാൻഡോയുടെ മുഖമുദ്രയെന്ന് സംസ്ഥാന പോലീസ് മേധാവി പറഞ്ഞു. ഇന്ത്യ റിസർവ് ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ 10 മത് ബാച്ച് കമാൻഡോ വിംഗിലെ 152 റിക്രൂട്ട് സേനാംഗങ്ങളുടെ പാസ്സിംഗ് ഔട്ട് പരേഡിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനം അതീവ ഗുരുതരമായ സാഹചര്യങ്ങളെ നേരിടുമ്പോൾ സാധാരണ സംവിധാനങ്ങൾക്കപ്പുറം ജനങ്ങൾ കേരള പോലീസിലെ കമാൻഡോകളെയാണ് പ്രതീക്ഷയോടെ നോക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഭീകരാക്രമണ ഭീഷണികളെ നേരിടുന്നതിനും സുപ്രധാന സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ആദ്യ പ്രതികരണ

സേനയായി പ്രവർത്തിക്കുന്നതിനും കമാൻഡോകൾ സജ്ജരായിരിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

നിങ്ങളാണ് നമ്മുടെ സമാധാനത്തെയും ജനാധിപത്യ സംവിധാനത്തെയും സംരക്ഷിക്കുന്ന കവചം. കേരള പോലീസിന്റെ അഭിമാനവും അച്ചടക്കവും എന്നും ഉയർത്തിപ്പിടിക്കണം. കൃത്യതയോടെയും ആത്മവിശ്വാസത്തോടെയും ഉത്തരവാദിത്തങ്ങൾ നിർവഹിക്കണം. നിരപരാധികൾക്ക് നിങ്ങളുടെ സാന്നിധ്യം ആശ്വാസവും സമൂഹത്തിന് ഭീഷണിയാകുന്നവർക്ക് ശക്തമായ മുന്നറിയിപ്പുമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. കഠിനമായ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ എല്ലാ സേനാംഗങ്ങൾക്കും അദ്ദേഹം അഭിനന്ദനം അറിയിച്ചു. കമാൻഡോകൾ പരേഡ് ഗ്രൗണ്ടിലെത്തി കാഴ്ചവെച്ച നിശ്ചയദാർഢ്യവും അച്ചടക്കവും ത്യാഗവും സഹിഷ്ണുതയും അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു.

കമാന്റിംഗ് ഓഫീസർമാർ, പരിശീലകർ, പരിശീലന സ്ഥാപനത്തിലെ മുഴുവൻ അംഗങ്ങൾ എന്നിവരുടെയും സമർപ്പണവും പ്രൊഫഷണലിസവും യുവ കമാൻഡോകളെ സമൂഹ സേവനത്തിന് പ്രാപ്തരായ പോലീസ് ഉദ്യോഗസ്ഥരാക്കി വളർത്തിയെടുത്തതിൽ നിർണായക പങ്കുവഹിച്ചതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേരള പോലീസ് യൂണിഫോം അധികാരത്തിന്റെ പ്രതീകം മാത്രമല്ല, ഉത്തരവാദിത്തത്തിന്റെയും സത്യസന്ധതയുടെയും അച്ചടക്കത്തിന്റെയും സേവന മനോഭാവത്തിന്റെയും പ്രതീകമാണെന്ന് അദ്ദേഹം പറഞ്ഞു. ഭരണഘടന സംരക്ഷിക്കുകയെന്നതാണ് പോലീസിന്റെ പ്രഥമ ഉത്തരവാദിത്തമെന്നും ജനങ്ങൾ പോലീസിന്റെ വാക്കുകളേക്കാൾ പ്രവർത്തനങ്ങളെയാണ് കൂടുതൽ ഓർക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പൊതുജനങ്ങളുമായുള്ള ഓരോ ഇടപെടലും ഓരോ അന്വേഷണവും ഗതാഗത നിയന്ത്രണ ചുമതലയും, രക്ഷാപ്രവർത്തനവും

പൊതുസേവനത്തിന്റെ ഓരോ നിമിഷവും കേരള പോലീസിന്റെ വിശ്വാസ്യത ഉയർത്തുന്നതിൽ നിർണായകമാണെന്നും ഉദ്യോഗസ്ഥരുടെ പെരുമാറ്റവും പ്രൊഫഷണലിസവും കരുണയും തന്നെയാണ് ജനങ്ങൾ ഈ സേനയിൽ അർപ്പിക്കുന്ന വിശ്വാസം നിർണയിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

അമൽ എൻ നയിച്ച പരേഡിന്റെ സെക്കൻഡ് ഇൻ കമാൻഡ് അഭിഷേക് പി.വി ആയിരുന്നു. ചടങ്ങിൽ പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് സംസ്ഥാന പോലീസ് മേധാവി പുരസ്കാരം വിതരണം ചെയ്തു.

പരേഡ് കമാൻഡറായ അമൽ .എൻ തന്നെയാണ് മികച്ച ഓൾ റൗണ്ടറും ഇൻഡോർ കേഡറ്റായി അലി അക്ബറും മികച്ച ഔട്ട്ഡോർ കേഡറ്റായി  ഷുഐബ് സാബിർ എം.കെയും തിരഞ്ഞെടുക്കപ്പെട്ടു. അക്ഷയ് അശോക് എം.എം ആണ് മികച്ച ഷൂട്ടർ.

2024 നവംബർ 28നാണ് ഇന്ത്യാ റിസർവ് ബറ്റാലിയൻ പത്താം ബാച്ച് കമാൻഡോ വിംഗിന്റെ 18 മാസം നിണ്ടുനിൽക്കുന്ന അടിസ്ഥാന പരിശീലനം ആരംഭിച്ചത്.

കേരള പോലീസിന്റെ തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾക്കും ആഭ്യന്തര സുരക്ഷാ ചുമതലകൾക്കും ആവശ്യമായ ആധുനിക പരിശീലന മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്, 18 മാസം നീണ്ടുനിന്ന തീവ്രമായ അടിസ്ഥാന പരിശീലന പരിപാടിയാണ് പത്താം ബാച്ച് കമാൻഡോ വിഭാഗത്തിലെ 152 റിക്രൂട്ട് കമാൻഡോകൾ പൂർത്തിയാക്കിയത്.

സാധാരണ പോലീസ് പരിശീലന പാഠ്യപദ്ധതിക്ക് പുറമേ, സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് (SOG) കോഴ്സ്, അർബൻ കമാൻഡോ കോഴ്സ്, വി.ഐ.പി സുരക്ഷാ കോഴ്സ്, കേരള പോലീസ് കമാൻഡോ പരിശീലനം, ദുരന്തനിവാരണം, ഉയർന്ന പ്രദേശങ്ങളിലെ പരിശീലനം (High Altitude

Training), തീരദേശ പോലീസ് പരിശീലനം തുടങ്ങിയ നിരവധി പ്രത്യേക കമാൻഡോ കോഴ്സുകളും ഇവർ വിജയകരമായി പൂർത്തിയാക്കി.

പരിശീലനത്തിന്റെ രണ്ടാം ഘട്ടത്തിൽ, സങ്കീർണ്ണവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത അതീവ നൂതനവും പ്രത്യേകവുമായ കോഴ്സുകൾക്ക് ഇവർ വിധേയരായി. ഇതിൽ കർണാടകയിലെ കരഹള്ളി ബി.എസ്.എഫ് - സി.ഐ.എ.റ്റി സ്കൂളിൽ നിന്നുള്ള രണ്ട് മാസത്തെ കൗണ്ടർ Insurgency, Anti-Terrorism and Jungle Warfare പരിശീലനം, ആന്ധ്രാപ്രദേശിലെ കലികിരിയിലുള്ള സി.ആർ.പി.എഫ് സി.ഐ.എ.റ്റി സ്കൂളിൽ നിന്നും രണ്ട് മാസത്തെ കമാൻഡോ പരിശീലനം, ചെന്നൈയിലെ എസ്.സി.ജി- 27 യൂണിറ്റിൽ നിന്നും നാഷണൽ സെക്യൂരിറ്റി ഗാർഡിന്റെ (NSG) നേതൃത്വത്തിൽ നടന്ന 14 ദിവസത്തെ കമാൻഡോ ശേഷി വർദ്ധിപ്പിക്കൽ പരിശീലനം എന്നിവ ഇവർ വിജയകരമായി പൂർത്തിയാക്കി.

കേരള പോലീസും കേന്ദ്ര സായുധ പോലീസ് സേനകളും ഉപയോഗിക്കുന്ന INSAS, AK47, AKM, MP-5, X95 Tavor, Glock Pistol, Light Machine Gun (LMG), Medium Machine Gun (MMG), Under Barrel Grenade Launcher (UBGL), 51 mm Mortar, Sniper Rifle, Gas Gun തുടങ്ങിയ ആധുനിക ആയുധങ്ങൾ കൈകാര്യം ചെയ്യുന്നതിലും ഇവർ പ്രാവീണ്യം നേടിയിട്ടുണ്ട്. കൂടാതെ, ഫീൽഡ് ക്രാഫ്റ്റ്, ടാക്റ്റിക്കൽ ഓപ്പറേഷൻസ്, ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ, നീന്തൽ, ശാരീരിക ക്ഷമത എന്നിവയിലും ഇവർക്ക് പ്രത്യേക പരിശീലനം ലഭിച്ചിട്ടുണ്ട്.

മഞ്ചേരി എം.എൽ.എ അഡ്വ. എം റഹ്മത്തുള്ള, മാനന്തവാടി എം.എൽ.എ ഉഷ വിജയൻ, ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ബൽറാം കുമാർ ഉപാധ്യായ, ജില്ലാ പോലീസ് മേധാവി ചൈത്ര തെരേസ

ജോൺ, ആംഡ് പോലീസ് ബറ്റാലിയൻ ആസ്ഥാനത്തെ കമാണ്ടന്റ് കെ.ഇ ബൈജു, ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റ് പി. വാഹിദ്, മറ്റ് ഉന്നത പൊലീസുദ്യോഗസ്ഥർ, പരിശീലനാർത്ഥികളുടെ ബന്ധുക്കൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

************************************




SHA HOSPITAL
EMERGENCY
SHA HOSPITAL


SHA HOSPITAL


INDIA RESERVE BATTALION

